# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 മെയ് 23**

---

## ഗ്രേസ് മാർക്കിന് അപേക്ഷ നൽകാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2021 അഡ്മിഷൻ സിബിസിഎസ് യുജി വിദ്യാർഥികളിൽ വിവിധ സെമസ്റ്റർ പരീക്ഷകളുടെയും (ബെറ്റർമെന്റും സപ്ലിമെന്ററിയും) പുനർ മൂല്യനിർണയത്തിന്റെയും ഫലം വരാനുള്ളവർക്ക് ഗ്രേസ്മാർക്ക് ചേർക്കുന്നതിന് ഇപ്പോൾ അപേക്ഷിക്കാം.

ഈ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിക്കുന്നതിന് മുൻപ് നിലവിലുള്ള റഗുലർ ചാൻസിലെ മാർക്കിനൊപ്പം ഗ്രേസ് മാർക്ക് ചേർത്തു ലഭിക്കാൻ ഗ്രസ് മാർക്ക് ഡിസ്ട്രിബ്യൂഷൻ ഫോർമാറ്റ് പൂരിപ്പിച്ച് ഇമെയിലിൽ അയയ്ക്കണം.

എൻസിസി, എൻഎസ്എസ്, സ്പോർട്സ്, യൂത്ത് ഫെസ്റ്റിവൽ എന്നിവയുടെ ഗ്രേസ് മാർക്കിന് അർഹരായവർക്കാണ് അവസരം.ഗ്ര േസ് മാർക്ക് ഡിസ്ട്രിബ്യൂഷൻ ഫോർമാറ്റ് സർവകലാശാലാ വെബ് സൈറ്റിൽ ലഭിക്കും.

ഓരോ കോഴ്സുകളിലെയും വിദ്യാർഥികൾ ഇമെയിൽ അയയ്ക്കേണ്ട വിലാസം ചുവടെ. ബിഎ - ar14exam@mgu.ac.in, ബികോം - ar19exam@mgu.ac.in, ബിഎസ്സി - ar15exam@mgu.ac.in, ബിബിഎ, ബിസിഎ, ബിബിഎം, ബിഎഫ്ടി, ബിടിടിഎം, ബിഎസ്ഡബ്ല്യു, ബിഎഫ്എം - ar23exam@mgu.ac.in

(പി.ആർ.ഒ/39/391/2024)

## സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകളിൽ ഇപ്പോൾ പ്രവേശനം നേടാം.

അപ്ലൈഡ് ക്രിമിനോളജി ആൻഡ് സൈബർ ഫോറൻസിക്സ്, ഓർഗാനിക് ഫാമിംഗ് എന്നിവയാണ് സർട്ടിഫിക്കറ്റ് കോഴ്സുകൾ. ഓർഗാനിക് ഫാമിംഗ്, യോഗിക് സയൻസ് എന്നിവയിലാണ് ഡിപ്ലോമ കോഴ്സുകൾ നടത്തുന്നത്.

യഥാക്രമം മെയ് 27, 28, 29, 30 തീയതികളിൽ സർവകലാശാലാ കാമ്പസിലെ വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരായി അഡ്മിഷൻ എടുക്കാം. അസ്സൽ

സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, കോഴ്സ് ഫീസ് എന്നിവയും സമർപ്പിക്കണം.

സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ അപ്ലൈഡ് ക്രിമിനോളജി ആൻഡ് സൈബർ ഫോറൻസിക്സ് കോഴ്സിൽ പ്ലസ് ടു അല്ലെങ്കിൽ പ്രീ ഡിഗ്രി യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. മലയാളം എഴുതാനും വായിക്കാനും അറിയുന്ന 18നു മുകളിൽ പ്രായമുള്ളവർക്ക് ഓർഗാനിക് ഫാമിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് പഠിക്കാം. രണ്ടു കോഴ് സുകൾക്കും 5200 രൂപയാണ് ഫീസ്.

ഓർഗാനിക് ഫാമിംഗ് ഡിപ്ലോമ കോഴ്സ് പത്താം ക്ലാസും സർവകലാശാല നടത്തുന്ന ഓർഗാനിക് ഫാമിംഗ് സർട്ടിഫിക്കറ്റ് കോഴ്സും ജയിച്ചവർക്കുള്ളതാണ്. സർവകലാശാല നടത്തുന്ന യോഗിക് സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് വിജയിച്ചവർക്ക് യോഗിക് സയൻസ് ഡിപ്ലോമ കോഴ്സിന് ചേരാം. രണ്ടു ഡിപ്ലോമ കോഴ്സുകളുടെയും ഫീസ് 8300 രൂപയാണ്

ഫോൺ: 0481-2733399, 08301000560

(പി.ആർ.ഒ/39/392/2024)

## പരീക്ഷാ തീയതി

ഒന്നാം വർഷ ബി.എസ്.സി എംആർടി(2008 മുതൽ 2015 വരെ അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 19 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/393/2024)

## പേപ്പർ ഉൾപ്പെടുത്തി

രണ്ടാം സെമസ്റ്റർ ബി.വോക്(2017,2018 അഡ്മിഷൻ സപ്ലിമെൻററി, 2014,2015,2016 അഡ്മിഷൻ മെഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷയിൽ ഫുഡ് അഡിറ്റീവ്സ് എന്ന പേപ്പർ കൂടി ഉൾപ്പെടുത്തി. പരീക്ഷ ജൂൺ ആറിനു നടക്കും.

(പി.ആർ.ഒ/39/394/2024)

## പ്രാക്ടിക്കൽ

ഏപ്രിൽ മാസം നടന്ന ഒന്നാം സെമസ്റ്റർ ഐഎംസിഎ(2023 അഡ്മിഷൻ റഗുലർ, 2017,2018,2019,2020,2021,2022 അഡ്മിഷനുകൾ സപ്ലിമെൻററി), ഒന്നാം സെമസ്റ്റർ ഡിഡിഎംസിഎ(2014,2015,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 10 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/395/2024)

## പരീക്ഷാ ഫലം

ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ആർട്സ് ഇൻ ഹ്യൂമൻ റിസോഴ്സ് മാനേജ്മെൻറ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2021,2022 അഡ്മിഷൻ സപ്ലിമെൻററി), മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെൻറ്(2020 അഡ്മിഷൻ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂൺ ആറു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

.............................

ബിഎ(1998  2008 അഡ്മിഷനുകൾ റഗുലർ, 1998-2011 അഡ്മിഷനുകൾ പ്രൈവറ്റ്) അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് ആനുവൽ സ്കീം ഡിഗ്രി പാർട്ട് 3 മെയിൻസ്(ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സൈക്കോളജി) ജനുവരി 2023 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജൂൺ അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.............................

നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ്(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജൂൺ നാലു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/396/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**